**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1162** **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന യാനങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധന യാനങ്ങൾ കടലിൽവെച്ച് അപകടത്തിൽ പെട്ടാൽ നഷ്ടപരിഹാരം നല്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (എ) | ഉണ്ട്. സംസ്ഥാനത്ത് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധന യാനങ്ങൾ കടലിൽവെച്ച് അപകടത്തിൽ പെട്ടാൽ (പൂർണ്ണമായോ/ ഭാഗികമായോ നഷ്ടം സംഭവിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്കും അനുബന്ധ ഉപകരണങ്ങൾക്കും) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) യിൽ നിന്ന് ധനസഹായം നൽകി വരുന്നുണ്ട്.<br><br>കടൽ ക്ഷോഭത്തിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വന്നിരുന്ന പരമാവധി ധനസഹായമായ 7,500/- രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് നൽകി വന്നിരുന്ന 2,500/- രൂപയും 08/02/2020 ലെ സ.ഉ (കൈ) നം. 48/2020/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വർധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നീ ജീവിതോപാധികൾ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പരമാവധി 2,00,000/- രൂപയും (രണ്ട് ലക്ഷം രൂപ മാത്രം) വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപ മാത്രം) വള്ളം, ബോട്ട് എന്നിവ ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപ മാത്രം) കട്ടമരം ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 20,000/- (ഇരുപതിനായിരം രൂപ മാത്രം) രൂപയുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത്.<br><br>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) ൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ cmo.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ ആയി |

| | | | |
|---|---|---|---|
| | | | സമർപ്പിക്കേണ്ടതും ആയത് ബന്ധപ്പെട്ട അക്ഷയ കേന്ദ്രം വഴിയോ സെക്രട്ടേറിയറ്റിലെ straight forward ലേക്ക് തപാൽ മാർഗ്ഗമോ നേരിട്ടോ നൽകാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ